5. പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പിപ്പൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

6. ഈ കൊല്ലവും സജീവമായി വിപണിയിൽ ഇടപെട്ടുകൊണ്ട് ഓണക്കാലത്ത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി പ്രത്യേക ഓണച്ചന്തകൾ ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

കോട്ടച്ചേരി വെൽഫെയർ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സിന്റെ പേരിലുള്ള റേഷൻകടകൾ

184 (5269) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ് താലൂക്കിലെ കോട്ടച്ചേരി വെൽഫെയർ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് എന്ന സ്ഥാപനത്തിന്റെ പേരിൽ മുമ്പ് റേഷൻകടകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പേരിൽ നിലവിൽ ഏതെങ്കിലും റേഷൻകടയ്ക്ക് അംഗീകാരം ഉണ്ടോ; എങ്കിൽ ഇല്ലാത്ത സ്ഥാപനത്തിന്റെ പേരിൽ അംഗീകാരം നൽകിയത് ക്രമക്കേടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നിയമാനുസൃത നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 14 റേഷൻകടകൾ നടത്തുന്നതിന് അംഗീകാരം നൽകിയിരുന്നു. പ്രസ്തുത റേഷൻകടകൾ നടത്തുന്നതിന് നിയമപ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകളും ഉടമ്പടികളും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളായി ലൈസൻസുകൾ പുതുക്കി വരുന്നുമുണ്ട്.

(ബി) ഉണ്ട്. നിലവിൽ 13 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. എ.ആർ.ഡി. 39, 140, 141, 143, 120, 121, 122, 183, 145, 23, 21, 146, 139 എന്നീ നമ്പരിലുള്ള എ.ആർ.ഡി.കൾ പ്രവർത്തിക്കുന്നുണ്ട്. ടി റേഷൻകടകൾക്ക് അംഗീകാരം നൽകിയത് ക്രമക്കേടാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോട്ടച്ചേരി വെൽഫെയർ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് എന്ന സ്ഥാപനം നിലവിലില്ലായെന്ന് സഹകരണ വകുപ്പ് അധികാരികളോ, സൊസൈറ്റി സെക്രട്ടറിയോ നാളിതുവരെ പൊതുവിതരണ വകുപ്പിനെ അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly